വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാനപനങ്ങളുമായി ഏറ്റെടുക്കൽ/ സംയുക്ത സംരംഭത്തിലേർപ്പെട്ടവയുടെ വിവരം ചുവടെ ചേർക്കുന്നു.

- ട്രാൻസ്മോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായിട്ടുള്ള സംയുക്ത സംരംഭം.
- സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ ഭാഗമായി സെയിൽ-എസ്.സി.എൽ കേരള ലിമിറ്റഡ് എന്ന സംയുക്ത സംരംഭ കമ്പനി ഏപ്രിൽ 2013-ൽ രൂപീകരിച്ചു.
- KELTEC-നെ ബ്രഹ്മോസ് ഏയറോസ്പേസ് ഏറ്റെടുത്തു.
- കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്ന കെല്ലിന്റെ കാസർഗോഡുള്ള യൂണിറ്റിനെ ഏറ്റെടുത്ത് ബി.എച്ച്.ഇ.എൽ. ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന പേരിൽ പുതിയ സംയുക്ത സംരംഭ കമ്പനി ആരംഭിച്ചു.

പദ്ധതികൾ പ്രവർത്തനക്ഷമമാണെങ്കിലും സംയുക്ത സംരംഭത്തിന്റെ ധാരണ പ്രകാരമുള്ള വികസനപ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ കരാർപ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) കേന്ദ്ര പൊതുമേഖലയുമായിട്ടുള്ള സംയുക്ത സംരംഭങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇവയുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

മത്സര പരീക്ഷകൾക്കായി യുവജന ബോർഡിന്റെ നേതൃത്വത്തിൽ സൗജന്യ കോച്ചിംഗ്

7 (*187) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതൊക്കെ പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത്;

(ഡി) പ്രസ്തുത പദ്ധതിയെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെ ഇടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാധാരണക്കാർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്കും സൗജന്യമായി മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പി.എസ്.സി., യു.പി.എസ്.സി./ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്കാണ് പരിശീലനം നൽകിയത്.

(ഡി) വേണ്ടത്ര പ്രചരണം നൽകിയാണ് പദ്ധതി നടപ്പാക്കിയത്.

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

8 (*188) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ.കെ.ജയചന്ദ്രൻ :
ശ്രീ. സി.കെ സദാശിവൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രിബ്യൂണൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ബോർഡിന് നൽകേണ്ട സാഹചര്യം ഉണ്ടാകുമോ ; ഉണ്ടാകുന്ന വർദ്ധന സംബന്ധിച്ച് വിശദമാക്കാമോ ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly